ഉത്തരം

(എ) കോട്ടക്കനി (കറത്തികണ്ട്) എന്ന പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. വിശദമായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഓടക്കല്ല് പാലം പണിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിവരുന്നു.

(ബി) പാലങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മഞ്ഞനക്കാട് പാലത്തിന്റെ നിർമ്മാണം

323 (1367) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിച്ചിരുന്ന മഞ്ഞനക്കാട് പാലത്തിന്റെ ഇതുവരെയുള്ള നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി കിട്ടിയ തീയതി എന്നെന്നും അതിനുശേഷം പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ഏതൊക്കെ തീയതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മഞ്ഞനക്കാട് പാലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. തദ്ദേശവാസികളുടെ ആവശ്യാനുസരണം ഫുട്ബ്രിഡ്ജ് മാറ്റി ഗതാഗത സൗകര്യമുള്ള പാലം നിർമ്മിക്കുന്നതിന് വേണ്ട എസ്റ്റിമേറ്റിന്റെ ഇക ഏകദേശം 4 കോടി രൂപയാണ്. എന്നാൽ ഭരണാനുമതി നൽകിയത് 2 കോടി രൂപയ്ക്കാണ്. ആവശ്യമായ ഇകയ്ക്കുള്ള പുതുക്കിയ ഭരണാനുമതി ലഭ്യമാകാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി&സി) 8-11-2012-ലാണ് ഭരണാനുമതി നൽകിയത്. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ഔട്ട് സോഴ്സ് ചെയ്ത് രൂപകൽപ്പന ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ രൂപകൽപ്പന ലഭിച്ചശേഷം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അധിക ഇകയ്ക്ക് ഭരണാനുമതി ലഭ്യമായതിനുശേഷം മാത്രമേ തുടർനടപടി സ്വീകരിക്കാനാകൂ.

LIBRARY ARCHIVES Kerala Legislative Assembly